**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, കണ്ണൂർ**
**പറശ്ശിനിക്കടവ് - 670563**

---

## HDCM കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

NEW Delhi ആസ്ഥാനമായിട്ടുള്ള ദേശീയ സഹകരണ പരിശീലന കൗൺസിലിന്റെ (NCCT) കീഴിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ 2017 ആഗസ്റ്റ് 1 മുതൽ 2018 ജൂലൈ 31 വരെ നടത്തുന്ന 29-ാമത് ബാച്ച് HDCM (Higher Diploma in Cooperative Management) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലും / ചില സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും ജോലി ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി ഈ കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റു മാനേജ്മെന്റ് സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനും ഈ കോഴ്സ് യോജിച്ചതാണ്. MBA യുടെ സിലബസ്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വിഷയങ്ങളും ഈ കോഴ്സിന്റെ സിലബസ്സിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും മാനേജർ ആയി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ സംവിധാനം. കൂടാതെ കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, പരിശീലനത്തിനാവശ്യമായ ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ എന്നീ സൗകര്യങ്ങളുമുണ്ട്. ഒരു വർഷത്തെ കമ്പ്യൂട്ടർ പ്രായോഗിക പരിശീലനം ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

2017 ഓഗസ്റ്റ് 1ന് 40 വയസ്സ് കവിയാത്ത ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടാതെ ഫൈനൽ ഡിഗ്രി പരീക്ഷ എഴുതി ഫലം പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും 2017 മെയ് 17 മുതൽ (തിങ്കൾ മുതൽ വെള്ളി വരെ) 100 രൂപ ഫീസടച്ചാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേരിട്ട് ലഭിക്കും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റായ www.icmkannur.org ൽ ലഭ്യമാണ്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം പൂരിപ്പിച്ച് നൂറ് രൂപയുടെ മണി ഓർഡർ സഹിതം ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പറശ്ശിനിക്കടവ്, കണ്ണൂർ - 670 563 എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്.

പൂരിപ്പിച്ച അപേക്ഷാ ഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി **30/06/2017** ആണ്. കൂടുതൽ വിവരങ്ങൾക്ക് **0497 2784002 / 2784044** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.